സെപ്റ്റംബർ – 2022

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഭാരത സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ നാം പിന്നിട്ടിരിക്കുന്നു. വിദേശ ആധിപത്യത്തിൽ നിന്നുള്ള വിടുതൽ മാത്രമായിരുന്നില്ല സ്വാതന്ത്ര്യ സമരത്തിൽ ഭാരതത്തിലെ ജനങ്ങൾ കാംക്ഷിച്ചത്. എല്ലാ അന്ധവിശ്വാസങ്ങളിൽ നിന്നും പട്ടിണിയിൽ നിന്നും ജാതി വിവേചനത്തിൽ നിന്നുമുള്ള വിടുതലായിരുന്നു. ആഗസ്റ്റ് 15 ന് നിരണം – മാരാമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ഒരു പൊതു സമ്മേളനത്തിൽ നാം സ്വാതന്ത്ര്യദിനം ആചരിച്ചു. വിശ്വപൗരൻ ഡോ. ശശി തരൂർ എം. പി. ഈ സമ്മേളനത്തിൽ മുഖ്യാതിഥിയായി സംബന്ധിച്ചു. സ്വതന്ത്ര ഇൻഡ്യയുടെ കുതിപ്പും കിതപ്പും, ഇന്നനുഭവിക്കുന്ന വേദനകളും നൊമ്പരങ്ങളും അയവിറക്കാനുള്ള അവസരം കൂടിയായിരുന്നു സമ്മേളനം. ന്യൂനപക്ഷമായ ക്രൈസ്തവരുടെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ചരിത്രവും, ഭാരത ഗ്രാമങ്ങളുടെ പുരോഗതിക്കായി ക്രൈസ്തവ സമൂഹം നൽകിയിട്ടുള്ള സംഭാവനകളും സ്മരിക്കപ്പെടുവാൻ സ്വാതന്ത്ര്യത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷം സഹായകരമായി.

ഭാരത സ്വാതന്ത്ര്യത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷവേളയിൽ നമ്മുടെ രാജ്യത്ത് എത്രപേർ രാഷ്ട്രീയവും സാമൂഹ്യവുമായ സംതൃപ്തി അനുഭവിക്കുന്നുണ്ട് എന്ന ചോദ്യവും ഇത്തരുണത്തിൽ പ്രസക്തമാണ്. ജനാധിപത്യത്തിന്റെയും ബഹുസ്വരതയുടെയും പ്രായോഗിക അനുഭവബോധ്യങ്ങളിൽ നിന്നും രൂപപ്പെടുന്നതായിരിക്കണം രാഷ്ട്ര സംബന്ധമായ ഏത് സന്തോഷവും. ആ അർത്ഥത്തിൽ ഇന്ത്യയിലെ 130 കോടിയലേറെ ജനങ്ങളിൽ എത്രപേർക്ക് ശരാശരി ജീവിത നിലവാരത്തിലെത്താനും ഭരണഘടന നൽകുന്ന സ്വാഭാവിക നീതി അനുഭവിക്കാനും കഴിയുന്നുണ്ട് എന്ന ചോദ്യം ഉയർത്തേണ്ടുന്ന ഒരവസരവും കൂടിയായിരിക്കണം സ്വാതന്ത്ര്യദിനാഘോഷങ്ങൾ. വിശേഷാൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങളെ സ്വതന്ത്രഭാരതം എങ്ങനെയാണ് പരിഗണിച്ചതെന്ന് പരിശോധിക്കാൻ നമുക്ക് കഴിയണം. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമിയുടെ കണക്കനുസരിച്ച് 45 വർഷത്തിനിടെ ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് രാജ്യത്ത് ഇന്ന് നിലനിൽക്കുന്നത്. ജൂലൈയിൽ 1.30 കോടി പേർ തൊഴിൽ രഹിതരായി. അതേസമയം അതിസമ്പന്നരുടെ ആസ്തി കുതിച്ചുയരുന്നു. ഒപ്പം ആവശ്യ വസ്തുക്കളുടെ വില നിരന്തരം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഈ സാഹചര്യങ്ങൾ എല്ലാം ഒരു വിശ്വാസ സമൂഹമെന്ന നിലയിൽ നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായിത്തന്നെ നിലനിൽക്കുന്നു.

മലയാളികളുടെ കലണ്ടറായ കൊല്ലവർഷത്തിലെ ആദ്യമാസമാണല്ലോ ചിങ്ങം. കർക്കടക മാസത്തിലെ വലിയ മഴയും അതിനോട് ചേർന്ന് വരുന്ന സാമ്പത്തിക ഞെരുക്കവും അതിജീവിക്കുന്ന മാസമാണ് ചിങ്ങം. ഏറെ ഉത്സാഹത്തോടെയാണ് മലയാളികൾ പുതുവത്സരത്തെ സ്വാഗതം ചെയ്യുന്നത്. ജാതി മത ഭേദമില്ലാതെ കേരള ജനത എല്ലാവരും ഒരുമിച്ച് കൊണ്ടാടുന്ന ഒരു ഉത്സവമായിരുന്നു ഓണം. മതബന്ധിതമായ നിർവചനങ്ങൾ ഏറെയുണ്ടായിരുന്നുവെങ്കിലും അതിനപ്പുറമായുള്ള ഒരുമയുടെ ഉത്സവമായി ഓണത്തെ പൊതുവെ ആളുകൾ ദർശിച്ചിരുന്നു. വൈവിധ്യങ്ങളെ തമസ്ക്കരിക്കുന്ന, അപരനെ ഇല്ലാതാക്കുന്ന, വെറുപ്പിനെ പാലൂട്ടി വളർത്തുന്ന ഈ കാലഘട്ടത്തിൽ ഉത്സവങ്ങളിലെ ഒരുമയുടെ മൂല്യങ്ങളെ കണ്ടെത്തുകയും അവയെ പ്രോജ്ജ്വലിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. എല്ലാവർക്കും ഓണാശംസകൾ.

സെപ്തംബർ 5 അദ്ധ്യാപക ദിനമാണ്. അദ്ധ്യാപകരുടെ നിസ്തുലമായ പ്രവർത്തനങ്ങൾ എത്ര മഹനീയമാണ്. ഒരു സമൂഹത്തിന്റെ, രാജ്യത്തിന്റെ, കെട്ടുപണി അദ്ധ്യാപക സമൂഹത്തിലധിഷ്ഠിതമാണെന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. എല്ലാ അദ്ധ്യാപകരെയും ഓർത്ത് ദൈവത്തെ സതുതിക്കുന്നു. സെപ്തംബർ 10 ആത്മഹത്യാ പ്രതിരോധ പ്രവർ

ത്തന ദിനമായി ലോകാരോഗ്യ സംഘടന വേർതിരിച്ചിരിക്കുന്നു. ആത്മഹത്യചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു എന്നത് ഏറെ വേദനാജന കമാണ്. ആരോഗ്യകരമായ ഒരു സമൂഹത്തിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ബലഹീന രായ നമ്മുടെ സഹോദരങ്ങളെ ബലപ്പെടുത്താം. നമ്മുടെ ഇടവകകളിൽ ആത്മഹത്യക്കെതിരെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയും ബോധവത്ക്കരണം നടത്തുന്നത് ഉചിതമായിരിക്കും.

കേരളത്തിന്റേതുൾപ്പെടെയുള്ള തീരപ്രദേശങ്ങൾ ശോഷിക്കുന്നുവെന്നും ജനങ്ങളുടെ ആവാസമേഖല കുറഞ്ഞുവരുന്നുവെന്നുമുള്ള ആശങ്ക തീരവാസികളിൽ വർദ്ധിക്കുന്നു. ഇതോടൊപ്പം കടലിലെ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തീരശോഷണത്തിന് ആക്കം കൂട്ടുന്നുമുണ്ട്. ഇത് കേവലം വികസനത്തിന്റെ കണ്ണാടിയിലൂടെ മാത്രമല്ല കാണേണ്ടത്, പ്രത്യുത മത്സ്യ തൊഴിലാളികളുടെയും പ്രാന്തസ്ഥിതരായ ഒരു കൂട്ടം ജനതയുടെയും ആശങ്കകളിലാണ് ഇതിന്റെ അടിവേര്. കിടപ്പാടം നഷ്ടപ്പെടുന്ന ഒരു കൂട്ടം ആളുകളുടെ രോദനമാണിത്. ഇതിന് ശാശ്വത പരിഹാരം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരത്ത് ലത്തീൻ കത്തോലിക്കാ വിശ്വാസികൾ ഇപ്പോൾ സമരമുഖത്താണ്. ഇവിടെ ചർച്ചകൾക്കാണ് പ്രാധാന്യം. അതോടൊപ്പം ബഫർസോൺ വിഷയം മലയോര കർഷകരുടെ ജീവിതം അസ്വസ്ഥമാക്കുന്നു. തീര പ്രദേശത്തായാലും മലയോരമേഖലയിലായാലും ജനവാസമേഖലകൾ കുറയുന്നതിന് കാരണം കണ്ടെത്തുന്നതിനുതകുന്ന പഠനങ്ങൾ അനിവാര്യ മാണ്. ഇരകളാകുന്നവർക്ക് നഷ്ടപരിഹാരമോ പുനര ധിവാസമോ നല്കകേണ്ടതും അടിയന്തിര ആവശ്യ മാണ്. കേരളം പോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലത്തുണ്ടാകേണ്ട എല്ലാ മാറ്റങ്ങളും വികസന പ്രക്രിയകളും അടിച്ചേൽപ്പിക്കുന്നതിന് പകരം ജനങ്ങളെ വിശ്വാസത്തിലെടുത്തുള്ളതാകുവാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ആശങ്കയിലായ ജനതകളുടെ ആവലാതികൾക്ക് പരിഹാരം കണ്ടെത്തുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ബന്ധപ്പെട്ടവർക്ക് ഒഴിഞ്ഞ് നില്ക്കുവാൻ സാധിക്കുകയുമില്ല.

ലോകരാഷ്ട്രങ്ങളിൽ യുദ്ധത്തിന്റെ ദാരുണമായ തിരിച്ചു വരവാണ് കഴിഞ്ഞ കുറെ മാസങ്ങളായി അടയാള പ്പെടുത്തുന്നത്. യുക്രൈൻ - റഷ്യ യുദ്ധത്തിന്റെ കെടുതികൾ കെട്ടടങ്ങും മുമ്പ്, തയ്വാൻ ഇപ്പോൾ ഒരു യുദ്ധനിഴലിലാണ്. അമേരിക്കയും ചൈനയും തമ്മിലുള്ള ഒരു ശീതയുദ്ധത്തിലേക്ക് സാഹചര്യങ്ങൾ വഴിമാറുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തയ്വാൻ കടലിടുക്കിൽ ചൈനയുടെ ഒട്ടേറെ യുദ്ധവിമാനങ്ങളും നാവികക്കപ്പലുകളും സജ്ജമാക്കിക്കഴിഞ്ഞു. ഒപ്പം തയ്വാനും വ്യോമ നാവിക പ്രതിരോധവും മിസൈൽ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ശക്തികേന്ദ്രങ്ങളുടെ കരുത്തും പിൻതുണയും തിരിച്ചുവരാനാകാത്ത വിധം ലോകത്തെ ദുരന്തത്തിലേക്ക് തള്ളിവിടാതെ മാനവരാശിക്ക് പ്രത്യാശയുടെയും ആത്മവിശ്വാസ ത്തിന്റെയും ശക്തമായ സ്വാധീനവും സന്ദേശവും നല്കുവാൻ ഇടയാകണം. സംവാദത്തിലുടെയും സൗഹൃദത്തിലൂടെയും സമാധാന പൂർവ്വ അന്തരീക്ഷം സംജാതമാക്കുന്നതിന് രാഷ്ട്രനേതാക്കൾ ജാഗരൂക രാവുകയാണ് ഇപ്പോഴത്തെ ആവശ്യം.

ആഗസ്റ്റ് 31 മുതൽ സെപ്തംബർ 8 വരെ ജർമ്മനിയിൽ കാൾസ്റൂഹ് പട്ടണത്തിൽ നടക്കുന്ന സഭകളുടെ ലോക കൗൺസിൽ (WCC) പതിനൊന്നാമത് ജന റൽ അസംബ്ലിയുടെ ചിന്താവിഷയം "ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുന്ന ക്രിസ്തുസ്നേഹം" (Christ's Love Moves the World to Reconciliation and Unity) എന്നതാണ്. സഭ യുടെ നാഥനായ ക്രിസ്തുവിന് ലോകത്തോടുള്ള അഗാധമായ സ്നേഹത്തിന്റെ പ്രകടനമായിരുന്നു തന്നെത്തന്നെ മരണത്തിന് ഏല്പിച്ചു കൊടുത്തത്. ഇന്ന് നിരന്തരം വികലമാക്കപ്പെടുന്ന ഒരു ലോകത്ത് നാം ജീവിക്കുന്നു. തന്റെ പുത്രനെ നല്കി ലോകത്തെ സനേഹിച്ച ദൈവം, ക്രമരഹിതമായ ലോകത്തെ വീണ്ടെടുക്കുവാനുള്ള പദ്ധതിയിൽ അണിചേരുവാൻ നമ്മെയും ആഹ്വാനം ചെയ്യുന്നു. ഈ വീണ്ടെടുക്കൽ പ്രക്രിയയിൽ ലോകം ക്രിസ്തുവിന് നല്കിയത് ക്രൂശായിരുന്നു. ക്രിസ്തുസ്നേഹം കേവലം കാല്പനി കവത്ക്കരിക്കേണ്ട നിഷ്ക്കളങ്കമായ കീഴടങ്ങലല്ല, പകരം നീതിയിലധിഷ്ഠിതമായ ചെറുത്തു നില്പിന്റെയും, ധാർമ്മികരോഷത്തിന്റെയും, പ്രതിഷേധത്തിന്റെയും, പ്രതിസംസ്കൃതിയുടെ യും അടയാളം കൂടിയാണ്. മഹാമാരിയും യുദ്ധവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിച്ച ഇന്നിന്റെ അതിജീവന പോരാട്ടങ്ങളുടെ പരിസരത്തിൽ വേണം ക്രിസ്തുസ്നേഹത്തെ നാം തിരിച്ചറിയേണ്ടത്. അസംബ്ലിയിലും അനുബന്ധ മീറ്റിംഗുകളിലും നടക്കുന്ന ചർച്ചകൾ ക്രിസ്തു സ്നേഹത്തിന്റെ പുതു മാനങ്ങൾ തുറന്നുകാട്ടുവാൻ പ്രേരകമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

മാർത്തോമ്മാസഭാ പ്രതിനിധി മണ്ഡലം 2022 സെപ്തം ബർ 13, 14, 15 (ചൊവ്വ, ബുധൻ, വ്യാഴം) ദിവസങ്ങ ളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോ റിയത്തിൽ നടക്കുകയാണല്ലോ. 2019 ന് ശേഷം കോവിഡ് മഹാമാരി മൂലം മണ്ഡലാംഗങ്ങൾക്ക് ഒരുമിച്ച് ചേർന്ന് വരുന്നതിന് സാധിക്കാതെ വരി കയും 2021 ൽ സൂം പ്ലാറ്റ്ഫോമിലൂടെ മണ്ഡ ലയോഗം നടത്തുകയും ചെയ്തു. ഇപ്പോൾ വീണ്ടും ഒരുമിച്ച് ചേർന്ന് വരുവാൻ ദൈവം കൃപ ചെയ്യുന്നു. മണ്ഡലയോഗത്തിന്റെ അനുഗ്രഹ കരമായ നടത്തിപ്പിനായി ഏവരും പ്രത്യേകം പ്രാർത്ഥി ക്കണം. സഭയുടെ പ്രവർത്തനങ്ങളെ സംഗതമാക്കുന്ന ചർച്ചകളും ക്രിയാത്മക നിർദ്ദേശങ്ങളും ഉണ്ടാവേണ്ട ഏറ്റം പ്രാധാന്യമുള്ള വാർഷിക കൂടിവരവായി

ഇതിനെ ദർശിക്കണം. സഭയുടെ ആകമാന വളർച്ച ത്വരിതപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളെ ഭദ്രാസന തലത്തിൽ ഏകോപിപ്പിക്കുന്നതിനും എപ്പിസ്ക്കോപ്പാമാരുടെ പങ്ക് വളരെ വലുതാണ്. ഭാഗ്യസ്മരണീയരായ അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാരായിരുന്ന ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഗീവർഗീസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ ദേഹവിയോഗത്തെ തുടർന്ന് അവർ വഹിച്ചു കൊണ്ടിരുന്ന ചുമതലകൾ മറ്റ് തിരുമേനിമാർ ചേർന്ന് ഭദ്രാസനങ്ങളിലൂടെ അധിക ചുമതലയായി ഇപ്പോൾ നിർവ്വഹിച്ചുവരികയാണ്. കൂടുതൽ എപ്പിസ്ക്കോപ്പാമാരെ തിരഞ്ഞെടുത്ത് സഭയുടെ ശുശ്രൂഷാ സ്ഥാനങ്ങളിലേക്ക് നിയോഗിക്കേണ്ട ആവശ്യം കണക്കിലെടുത്ത് "മലങ്കര മാർത്തോമ്മാ സഭയിൽ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് 4 പേരെ തെരഞ്ഞെടുക്കണമെന്ന" സഭാകൗൺസിലിന്റെ ഔദ്യോഗിക പ്രമേയം സഭാ പ്രതിനിധി മണ്ഡലത്തിന്റെ കാര്യപരിപാടികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സഭയുടെ ആവശ്യം മനസ്സിലാക്കി പ്രാർത്ഥനാപൂർവ്വം തീരുമാനം കൈക്കൊള്ളണമെന്ന് മണ്ഡലാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ഈ വർഷത്തെ സഭാമണ്ഡലം പഠന വിഷയമായി "സഭയുടെ സാക്ഷ്യം: മാറുന്ന ലോകത്തിൽ" (The Witness of the Church: In the Changing World) എന്നത് തിരഞ്ഞെടുത്തിരിക്കുന്നു. മഹാമാരിയാൽ മാറ്റിമറിക്കപ്പെട്ടതും, മാധ്യമ ലോകത്താൽ സ്വാധീനിക്കപ്പെട്ടതും, മേധാവിത്ത ഘടനകളാൽ അടിച്ചമർത്തപ്പെട്ടതുമായ സമകാലിക പരിസരങ്ങളിൽ സഭയുടെ സാക്ഷ്യം ഒളിമങ്ങാതെ കാക്കുക എന്നതാണ് നമ്മുടെ ദൗത്യം. മണ്ഡലം പഠനവിഷയം ഭദ്രാസന- സെന്റർ തലങ്ങളിലും ഇടവക തലങ്ങളിലും തുടർപഠനത്തിനായി വിഷയീഭവിപ്പിക്കുകയും അതിന്റെ വിവിധ അർത്ഥതലങ്ങൾ മനസ്സിലാക്കി പ്രായോഗിക തലത്തിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യണം.

സഭയുടെ പബ്ലിക്കേഷൻ ബോർഡ് ലിറ്റർജിക്കൽ കമ്മീഷൻ എന്നിവയുടെ ശുപാർശയോടെ ആരാധനാക്രമത്തിലും ക്രിസ്തീയ കീർത്തനങ്ങളിലും താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുവാൻ എപ്പിസ്ക്കോപ്പൽ സിനഡ് തീരുമാനിച്ചു. വിശുദ്ധകുർബ്ബാനക്രമത്തിലെ ഒന്നാമത്തെ തുബ്ദേൻ പ്രാർത്ഥനയിൽ ഇന്ന് ഞങ്ങളെ ഭരിക്കുന്ന എന്നതിന് പകരം ഇന്ന് ഞങ്ങളെ 'നയിക്കുന്ന' എന്നും, മടികൂടാതെ എന്നതിന് പകരം 'വിശ്വസ്തരായി' എന്നും; സുവിശേഷകർ, സന്യസ്തർ എന്നുംകൂടി ചേർക്കുന്നതിനും തീരുമാനിച്ചു. സഭയുടെ സുവിശേഷ വേലയുടെ ഫലമായി വിശ്വാസത്തിലേക്ക് വന്ന വിവിധ ഭാഷക്കാരെ പരിഗണിച്ച് ഹിന്ദി, തമിഴ്, കന്നട, തെലുങ്ക്, മറാഠി എന്നീ അഞ്ച് ഭാഷകളിലെ ഈ രണ്ട് ഗാനങ്ങൾ വീതം ഉൾപ്പെടുത്തി ക്രിസ്തീയ കീർത്തനങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നതുമാണ്.

ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ (സി. എസ്. ഐ) രൂപീകൃതമായിട്ട് 75 സംവത്സരങ്ങൾ പിന്നിടുന്നു. അതിന്റെ രൂപീകരണത്തെയും നാളിതുവരെയുള്ള വളർച്ചയെയും, ദൗത്യസരണികളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. മാർത്തോമ്മാ സഭ, സി. എസ്. ഐ സഭയുമായി സവിശേഷമായ ബന്ധമാണ് നിലനിർത്തുന്നത്. പ്രത്യേകമായി കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയിലൂടെ സാധ്യമാകുന്ന എല്ലാ എക്യൂമെനിക്കൽ പ്രവർത്തനങ്ങളെയും ഓർക്കാം. ദൈവസന്നിധിയിലുള്ള സ്തോത്രത്തിന്റെയും സമർപ്പണത്തിന്റെയും ഭാഗമായി 2022 സെപ്തംബർ 27 ന് ക്രമീകരിച്ചിരിക്കുന്ന ജൂബിലി ആഘോഷങ്ങൾക്ക് എല്ലാ ഭാവുകങ്ങളും അറിയിക്കുന്നു.

1919 ൽ സ്ഥാപിതമായ സേവികാസംഘത്തിന്റെ ദൗത്യ ദർശനത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും ഫലമായി 1923 ൽ ആരംഭിച്ച സ്ഥാപനമാണ് ശാലേം ഭവൻ. അനാഥമാകേണ്ട അനേകം ബാല്യങ്ങൾക്ക് കരുണയുടെ കരം നല്കി പുത്തൻ സാധ്യതയൊരുക്കാൻ ഈ സ്ഥാപനത്തിലൂടെ സാധിച്ചു. 6 കുട്ടികളുമായി ആരംഭിച്ച ശാലേമിൽ നിന്നും 331 പേർ ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും കുടുംബങ്ങളായി പാർത്ത് അനുഗൃഹീത സാക്ഷ്യം നിർവ്വഹിക്കുന്നു. ശാലേം ഭവനത്തിന്റെ ശതാബ്ദി ഉദ്ഘാടനം 2022 ആഗസ്റ്റ് മാസം 6-ാംതീയതി സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനി നിർവ്വഹിച്ചു. 100 വർഷങ്ങൾക്കപ്പുറം തങ്ങൾ ജീവിക്കുന്ന പരിസരങ്ങളിൽ നേരട്ടറിഞ്ഞ ആവശ്യങ്ങളോടുള്ള ക്രിസ്തീയ പ്രതികരണമായിരുന്നു ശാലേം ഭവൻ. ഇന്നിന്റെ വെല്ലുവിളികളോടുള്ള പ്രതികരണമാണ് ഈ നാളുകളിൽ നമ്മുടെ ദൗത്യത്തെ കാലികമാക്കുന്നത്. അതിനായുള്ള സമർപ്പണമാണ് സേവികാസംഘാംഗങ്ങൾക്ക് വർത്തമാനകാലത്തിലുണ്ടാകേണ്ടതും. ശതാബ്ദിയോടനുബന്ധിച്ച് ശാലേം കുടുംബാംഗങ്ങൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ശതാബ്ദി ആഘോഷങ്ങൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ മുൻ ഡൽഹി, ബാംഗ്ലൂർ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. തിരുമേനിയുടെ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. യാക്കോബായ സഭയുടെ ദുഃഖത്തിൽ പങ്ക് ചേരുകയും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ സഭയിലെ സീനിയർ വൈദികനായ റവ. കെ. എം. വർഗ്ഗീസ് (അയിരൂർ) കർത്തൃസന്നിയിലേക്ക് ചേർക്കപ്പെട്ടു. സഭയുടെ ആകമാന ശുശ്രൂഷയിൽ അച്ചനും കുടുംബവും നല്കിയ നല്ല നേതൃത്വത്തിനായി ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

സെപ്റ്റംബർ മാസ ഞായറാഴ്ചകളിലെ ആരാധനകളും വായന ഭാഗങ്ങളും സഭയുടെ ദൗത്യ ശക്തീകരണങ്ങൾ സൂചിപ്പിക്കുന്നവയാണ്. ദൈവജനത്തിന്റെ വിശ്വാസദൃഢീകരണത്തിന് സഹായകരവും സമൂഹസുസ്ഥിരതയ്ക്കു പ്രചോദനപ്രദവും ആണ് നല്കപ്പെട്ടിട്ടുള്ള ചിന്താവിഷയങ്ങളും വായനഭാഗങ്ങളും. സെപ്റ്റംബർ 4 ഞായർ സഭ വിദ്യാഭ്യാസദിനമായി ആചരിക്കുന്നു. 'ദൈവകൃപയിൽ ഊന്നിയ വിശ്വാസം' (മത്തായി 7:24-29) എന്നതാണ് ചിന്താവിഷയം. വായനഭാഗങ്ങൾ എല്ലാം തന്നേ ജ്ഞാനത്തിന്റെ ദൈവിക പ്രഭാവത്തെ സൂചിപ്പിക്കുന്നു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു എന്ന വചനം ചിരകാല പ്രസക്തമാണ്. ആ ജ്ഞാനതപസ്യയുടെ എറ്റവും ശക്തമായ ഉദാഹരണം യേശു തന്നെയാണ്. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വന്ന യേശു (ലൂക്കോ 2:52), ആധികാരിക ജീവിതത്തിന്റെ നേർസാക്ഷ്യമായിരുന്നുവല്ലോ. ജീവിതത്തിന്റെ തിരമാലകളും കൊടുങ്കാറ്റുകളും ആഞ്ഞടിക്കുമ്പോൾ തകർന്നു പോകാത്ത ജീവിത സൗധങ്ങൾ പണിയുവാൻ ആദ്ധ്യാത്മിക അടിത്തറ അനിവാര്യം ആണ്. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ലക്ഷ്യം ആദ്ധ്യാത്മിക അടിത്തറകളിൽ ജീവിതം പണിതുയർത്താൻ തലമുറകളെ സഹായിക്കുക എന്നതാണ്. ഈ വിദ്യാഭ്യാസദിന ആചരണം അത്തരത്തിലുള്ള സഭാദൗത്യം യഥാർത്ഥ്യമാക്കാൻ സഹായകരമാകണം. അതിനു ദൈവം സഹായിക്കട്ടെ.

സെപ്റ്റംബർ 11 ഞായർ സേവികാ സംഘ ദിനമായി ആചരിക്കുന്നുവല്ലോ. "സ്ത്രീകൾ വിശ്വാസ സംരക്ഷകർ" (ലൂക്കോസ് 16:1-7) എന്ന ധ്യാന വിഷയം ആണ് നല്കപ്പെട്ടിട്ടുള്ളത്. ശമുവേൽ പ്രവാചകന്റെ മാതാവ് ഹന്ന, തിമൊഥെയൊസിന്റെ മാതാവ് യൂനിക്ക, വലിയമ്മ ലോവിസ്, ബിസിനസ് സംരംഭകയും ദൈവരാജ്യ പ്രഘോഷകയുമായ ലുദിയ, യേശുവിന്റെ പുനരുത്ഥാനത്തിന്റെ ആദ്യസാക്ഷികളും അറിയിപ്പുകാരുമായ വനിതകൾ ഇവരൊക്കെയാണ് അന്നത്തേക്കുള്ള വേദവായനകളിലെ പ്രധാന പരാമർശങ്ങൾ. അവരെല്ലാം തന്നേ വിശ്വാസ അടിത്തറയിൽ തങ്ങളുടെ ജീവിതങ്ങളെ നിർവചിച്ചു ജീവിത സാഫല്യം കണ്ടെത്തിയവർ ആയിരുന്നു. അവർക്കാണ് തങ്ങളുടെ തലമുറകൾക്കു വിശ്വാസം പകർന്നു കൊടുക്കാൻ കഴിഞ്ഞത്. അറിയപ്പെട്ടവരും അറിയപ്പെടാത്തവരും ആയ എണ്ണമറ്റ മാതാക്കൾ വിശ്വാസ ദീപശിഖ അണഞ്ഞു പോകാതെ, തലമുറകൾക്കു കൈമാറിയിട്ടുണ്ട്. പൂർവകാല മാതാക്കൾക്കു നന്ദി പറഞ്ഞുകൊണ്ട് ഈ തലമുറയിലുള്ളവർ തങ്ങളുടെ ദൗത്യം നിറവേറ്റാൻ ശക്തരായിത്തീരാൻ ഈ ദിനാചാരണം സഹായകരമായിതീരണം.

സെപ്റ്റംബർ 18 ഞായർ വയോജന ദിനമായി കൊണ്ടാടുന്നു. 'വയോജനങ്ങളോടുള്ള കരുതൽ' (മർക്കോസ് 7:6-13) എന്നതാണ് ധ്യാനവിഷയം. ആരോഗ്യപരിരക്ഷാ സംവിധാനങ്ങളിൽ ഉണ്ടായ മുന്നേറ്റങ്ങൾ കാരണം ശരാശരി ആയുർ ദൈർഘ്യം ഉയർന്നിട്ടുണ്ട്. എന്നാൽ ജീവിത ശൈലീരോഗങ്ങൾ വാർദ്ധക്യത്തെ പലർക്കും കഷ്ടനിർഭരമാക്കുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ അനുഭവ പരിചയങ്ങളെ നന്നായി ഉപയോഗിക്കുന്നത് ഇളംതലമുറയ്ക്കു സഹായകരമാണ് എന്നതിനോടൊപ്പം മുതിർന്നവർക്കു അതു കൂടുതൽ സംതൃപ്തി നൽകുകയും ചെയ്യുമല്ലോ. അനുഗ്രഹിക്കാൻ സാധിക്കുന്ന തരത്തിലുള്ള ദൈവാനുഭവവും ജീവിത അനുഭവവും ഉള്ളവരുടെ 'നരച്ചതല' ശോഭയുള്ള കിരീടം' തന്നെയാണ്. കാര്യക്ഷമതാവാദത്തിന്റെ പേരിൽ മുതിർന്നവരെ അവഗണിക്കുന്ന സമീപനം ഒരിക്കലും ക്രൈസ്തവമോ മാനുഷികമോ അല്ല. മാതാപിതാക്കളെ ബഹുമാനിക്ക എന്ന കല്പന അനുഗ്രഹത്തിന്റെ വാഗ്ദാനം ഉള്ളതെന്ന് എല്ലാവരും ഓർക്കണം. വയോജനദിന ആചരണം നമ്മുടെ മുതിർന്ന തലമുറയോടുള്ള പ്രതിബദ്ധത വർധിപ്പിക്കുന്നതിനു മുഖാന്തിരമായി ഭവിക്കട്ടെ.

സെപ്റ്റംബർ 25 ഞായർ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നായ കർത്താവിന്റെ വീണ്ടും വരവിനെ സഭ ധ്യാനിക്കുന്നു (മത്തായി 25:31-40). "തന്റെ മഹാ പ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ യേശു മിശിഹാ ആകുന്ന ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് നിഖ്യാ വിശ്വാസ പ്രമാണത്തിൽ നാം ഏറ്റുപറയുന്നുവല്ലോ. ലോകാവസാനത്തോളം കൂടെയിരിക്കാം എന്നു വാഗ്ദാനം ചെയ്ത കർത്താവ് നമ്മോടു കൂടെ എപ്പോഴും ഉണ്ട്. കർത്താവ് കൂടെ ഉണ്ടായിട്ടും അവിടുത്തെ ഇഷ്ടം ചെയ്യാൻ കഴിയാതെ പോയവരെ ന്യായം വിധിക്കുന്ന കർത്താവ് എന്ന അർത്ഥത്തിൽ വിശ്വാസ പ്രമാണം അതു അവതരിപ്പിക്കുന്നു. അന്നത്തേക്കുള്ള വായനകൾ നിഷ്ക്രിയതകളിൽ നിന്നും ദൈവ വിരുദ്ധതകളിൽ നിന്നും ഒഴിഞ്ഞിരിക്കാനുള്ള പ്രേരണയാണ് നമുക്ക് നൽകുന്നത്. വീണ്ടും വരുന്ന കർത്താവിനെ ധ്യാനിക്കുന്നത് വർത്തമാനകാലത്തിൽ ഗുണപരമായും സൃഷ്ടിപരമായും ഉൾച്ചേരുന്നതിനു നമുക്ക് സഹായകരമായിതീരട്ടെ. അതിനായി നമ്മെ കർത്തൃകരങ്ങളിലർപ്പിക്കാം ●

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius
Malabar

പൂലാത്തീൻ
30. 08. 2022

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**